# സിനിമ ഒരു വ്യാവസായിക ഉൽപ്പന്നമോ?

സിനിമ ഒരു വിധത്തിൽ നോക്കുമ്പോൾ സോപ്പും സോപ്പുപെട്ടിയും പോലെ ഒരു വ്യാവസായിക ഉൽപ്പന്നമാണ്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ അറിഞ്ഞാണ് വ്യാവസായിക ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നത്. ചിലപ്പോഴൊക്കെ വ്യാപാരികളും വ്യവസായികളും കൂടി ജനങ്ങളിൽ പുതിയ ആവശ്യങ്ങൾ കൃത്രിമമായി സൃഷ്ടി ച്ചെടുക്കാറുണ്ട്. കടകളിൽ ചെല്ലുമ്പോൾ നാം വാങ്ങേണ്ടതായ സാമഗ്രികളെ പല പ്പോഴും പരസ്യങ്ങൾ സ്വാധീനിക്കാറുണ്ട്.

സിനിമയെ സംബന്ധിച്ച് പറയുകയാണെങ്കിൽ നിർമ്മാതാവ് പണം (മൂലധ നം) നൽകി ലാഭമുണ്ടാക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന ഒരു ഉൽപ്പന്നമാണ് സിനി മ. ഇങ്ങനെ നോക്കുമ്പോൾ ഉപഭോക്താവിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് സിനി മയെന്ന ഉൽപ്പന്നത്തിലും വ്യത്യാസങ്ങൾ വരുന്നു. കാലഘട്ടത്തിനനുസരിച്ച് സിനി മയിൽ വരുന്ന മാറ്റങ്ങൾ ഇവിടെ ശ്രദ്ധിക്കാം. ഹരിഹരൻ നഗർ ആദ്യഭാഗത്ത് സുഹൃ ത്തുക്കൾ താമസിച്ചത് ചിത്രീകരിച്ച വീടിനെക്കാൾ എന്തുകൊണ്ടും ആധുനിക മായ റസിഡൻഷ്യൽ കോളനിയിൽ ഈ സിനിമയുടെ രണ്ടാം ഭാഗം ചിത്രീകരിച്ച പ്പോൾ ഈ മാറ്റമാണ് ഉണ്ടായത്. ഒരു സിനിമ ആസൂത്രണം ചെയ്യുമ്പോൾ അത് കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നതിനായി കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങൾ വേണം എന്ന മനോഭാവമാണിവിടെ കാണുന്നത്. കാണികളിൽ വരുന്ന വീക്ഷണ ങ്ങളുടെ മാറ്റവും സിനിമ കാലഘട്ടത്തിനനുസരിച്ചായിരിക്കണമെന്ന മനോഭാവവു മാണ് ഇവിടെ വരുന്നത്. സിനിമയുടെ കലാമൂല്യത്തിന്റെ ആന്തരികമായ സൗന്ദര്യ വുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ മനോഭാവം ഉപരിതലത്തെയാണ് സ്പർശിക്കുന്നത് എന്നു കാണാം.

ചിലപ്പോൾ ഉപഭോക്താക്കളിൽ കൃത്രിമമായ ആവശ്യങ്ങൾ സിനിമകൾ രൂപ പ്പെടുത്തും. ഒരു സിനിമയുടെ ഫോർമുല വിജയിച്ചാൽ ആ രീതിയിൽ ഒത്തിരി സിനിമകൾ ചിത്രീകരിക്കുന്നത് കാണികളുടെ സ്വാഭാവികമായ ആവശ്യമായിരി ക്കില്ല.നായകനടനായി അഭിനയിക്കുന്ന വ്യക്തികൾ (മോഹൻലാൽ, മമ്മൂട്ടി, സുരേഷ് ഗോപി, ദിലീപ്, പൃഥ്വിരാജ്) കാണികളിൽ രൂപപ്പെടുത്തിയ അഭിനയത്തെ സംബ ന്ധിച്ചുള്ള ധാരണകൾ നിലനിർത്തിക്കൊണ്ട് സിനിമയിലെ കഥാഗതിയും, അഭിന യവും, എഡിറ്റിങ്ങും, ക്ലൈമാക്സും ചിത്രീകരിക്കുന്നത് കാണികളിൽ കൃത്രിമമായി ആവശ്യങ്ങൾ ഉണ്ടാക്കുന്നതിന്റെ ഫലമാണ്.

**അടൂർ അഭിനയത്തിന്റെ അതിരുകളിൽ പ്രസ്താവിച്ച *ആരോപിതം* എന്ന അഭിനയധർമ്മം ഇവിടെ ചർച്ച ചെയ്യേണ്ടതാണ്.**

എന്റെ മലയാളം ബ്ലോഗ്

**സിനിമ കാണൽ ഒരു കൂട്ടിവായനയാണെന്ന് പറയാം.** മറ്റു കലാരൂപങ്ങൾക്കുള്ള നാല് അഭിനയ ധർമ്മങ്ങളേക്കാൾ അധികമായി സിനിമയിൽ അഞ്ചാമത് പറയുന്ന അഭിനയമാണ് ആരോപിതം.

## എന്താണ് ആരോപിതം?

ഓരോ സിനിമയും നടീനടന്മാരുടെ അഭിനയസാധ്യതകളെയും കഴിവിനെയും സംബന്ധിച്ച് ഒത്തിരി ധാരണകൾ കാണികളിൽ രൂപപ്പെടുത്തുന്നുണ്ട്.ഒരേ കലാരൂപത്തിൽ തുടർച്ചയായി അഭിനയിക്കുമ്പോൾ കാണികളുടെ മനസ്സിൽ രൂപപ്പെടുന്ന മനോഭാവമാണ് ആരോപിതം എന്ന അഭിനയ ധർമ്മമായി മാറുന്നത്.

കഥകളിപോലുള്ള കലാരൂപങ്ങളിൽ ഇത് ചെറിയതോതിൽ കാണുന്നുണ്ട്.സ്ത്രീവേഷം അഭിനയിക്കുന്ന കഥകളി കലാകാരൻമാർ(കലാമണ്ഡലം ഗോപി) ആസ്വദകരുടെ മനസ്സിൽ ചില മുൻവിധി പോലുള്ള ചിന്താഗതികൾ ഉണ്ടാക്കുന്നുണ്ട്. അതിൽനിന്നും വ്യത്യസ്തമായി വേറൊരു വേഷം കെട്ടുമ്പോൾ കാണികൾ വളരെ ജിജ്ഞാസയുള്ളവരായിത്തീരും.എന്നാൽ കഥകളിയിൽ ഈ ധാരണകൾ ആരോപിതമെന്ന അഭിനയധർമ്മമായി മാറുന്നില്ല.

സിനിമയിലേക്ക് വരുമ്പോൾ 'ആരോപിതം' എന്ന അഭിനയധർമ്മം നടീനടന്മാരുടെ പരിവേഷത്തിനു ചുറ്റുമായി കാണികളുടെ മനസ്സിൽ രൂപപ്പെടുന്നു. മോഹൻലാലിന്റെയും മമ്മൂട്ടിയുടെയും പുതിയ സിനിമകൾ കാണുമ്പോൾ അവരുടെ മുൻ സിനിമകൾ കണ്ട കണ്ണോടുകൂടി നമ്മൾ പുതിയ സിനിമയിൽ ഈ നടന്മാരെ കൂട്ടി വായിക്കുന്നു. അങ്ങിനെ വരുമ്പോൾ നടീനടന്മാരുടെ അഭിനയത്തിൽ കഥാപാത്രങ്ങളേക്കാൾ അധികമായി കാണികളുടെ മനസ്സിൽ നടീനടന്മാരുടെ വ്യക്തിപരിവേഷം കൂടുതലായി നിലനിൽക്കും.

**സിനിമ സ്വപ്നങ്ങൾ വിൽക്കുന്ന കലാരൂപമാണെന്നു പറയും**.സിനിമ കണ്ടു തുടങ്ങുന്ന സമയം മുതൽ കാണികൾ നായകന്റെ കഥാപാത്രവുമായി അനുരൂപപ്പെടുന്നു.പ്രകാശത്തിന്റെ ടെക്നോളജി ഉപയോഗിച്ചുള്ള കലാരൂപമായ സിനിമ കാണുകയെന്നത് സ്വപ്നലോകത്തിൽ എത്തിപ്പെടുന്നതിനു തുല്യമാണ്.സിനിമയിൽ നമ്മൾ കണ്ണു കൊണ്ട് കാണുന്ന ലോകം മാത്രമല്ല ചിത്രീകരിക്കുന്നത്, മനുഷ്യരുടെ ദിവാസ്വപ്നങ്ങളും അബോധമനസ്സ് കാണുന്ന സ്വപ്നങ്ങളും അയഥാർത്ഥ ഭാവനകളും അനിമേഷൻ, ഇമേജ് എന്നീ സങ്കേതങ്ങൾ ഉപയോഗിച്ച് സിനിമയിൽ സുന്ദരമായി ആവിഷ്ക്കരിക്കുന്നു.ഇവയെല്ലാം യഥാർത്ഥലോകത്തിന്റെ അനുഭവമാണ് കാണികൾക്ക് നൽകുന്നത്.ഇത്തരത്തിലുള്ള സിനിമയുടെ കാഴ്ച്ച അത് കാണുന്ന സമയത്ത് ആസ്വദിക്കപ്പെടുമ്പോൾ കാണികൾ അവരുടെ മുന്നിൽ അവരുടെ സ്വന്തം സ്വപ്നത്തിന്റേയും ഭാവനകളുടേയും അനുഭൂതിയിൽ അലിഞ്ഞു ചേരുന്നു.അതിനാൽ സിനിമകൾ ആസ്വദിക്കുന്നത് വർത്തമാനകാലത്തിലാണെന്ന് പറയാം

ഇത്തരത്തിലുള്ള സിനിമയിൽ അഭിനയിക്കുന്ന നടീനടൻമാരുടെ കഥാപാ

ത്രങ്ങളെ കാണികൾ സ്വന്തം പ്രതിബിംബമായി സ്വീകരിക്കും.ഈ നടീനടൻമാർ പല സിനിമകളിൽ ആവർത്തിച്ചു വരുമ്പോൾ അവർ അഭിനയിച്ച കഥാപാത്രങ്ങളുടെ മുഴുവൻ ആന്തരിക സത്തയുടെ പരിവേഷത്തിലൂടെയായിരിക്കും കാണികൾ നടീനടൻമാരെ കാണുന്നത്.

ഇങ്ങനെ നടീനടന്മാരുടെ വ്യക്തിപരിവേഷം രൂപപ്പെടുമ്പോൾ അവർ ജനങ്ങൾക്കിടയിൽ താരങ്ങളായി മാറുന്നു.അടൂർ പറഞ്ഞതു പോലെ വെളിച്ചപ്പാട് ദൈവമാകുന്ന അവസ്ഥ ഉണ്ടാകുന്നു.അങ്ങിനെ ആരോപിതമെന്ന അഭിനയം സിനിമയിൽ രൂപപ്പെടുന്നു.

ഈയൊരു പ്രത്യേകത അധികമായി ഉണ്ടാകുന്നത് കൊമ്മേഴ്സ്യൽ ലക്ഷ്യം കൂടുതലായി ലക്ഷ്യമാക്കുന്ന സിനിമകളിലാണ്. അത്തരം സിനിമകളിൽ വടക്കൻ പാട്ടുകളിലെ എല്ലാ കഥാപാത്രങ്ങൾക്കും ഒരുപോലെ ചേർക്കുന്ന ഒരുക്കു ശീലുകൾ പോലെ (കുന്നത്തുവച്ച വിളക്കുപോലെ എന്നീ ശീലുകൾ വടക്കൻ പാട്ടുകളിലെ എല്ലാ നായക കഥാപാത്രങ്ങൾക്കും പൊതുവായി ഉപയോഗിക്കുന്നതാണ്) കഥാഗതിയിലും, ക്യാമറാ ആംഗിളിലും, എഡിറ്റിങ്ങിലും, ക്ലൈമാക്സിലും നടീനടന്മാരുടെ ആരോപിതമെന്ന അഭിനയധർമ്മത്തെ ചുറ്റിപ്പറ്റിയുള്ള ഡയറക്ഷനാണ് ചെയ്യുക. സ്വാഭാവകഥാപാത്രങ്ങളെ ചിത്രീകരിക്കുന്ന സിനിമകളിൽ ആരോപിതമെന്ന അഭിനയധർമ്മത്തെ മറികടക്കുവാൻ ആയിരിക്കും ആ സിനിമകളുടെ ഡയറക്ടർമാർ ശ്രദ്ധിക്കുക.

ദേവാസുരം വിജയിച്ചതോടെ നായകനിൽ വില്ലന്റെ സ്വഭാവം കൂടി ഉൾക്കൊള്ളുന്ന കഥാപാത്രങ്ങളിലൂടെ മോഹൻലാൽ സിനിമകൾ ഒന്നിനുപുറകെ മറ്റൊന്നായി ഇറങ്ങി. ഒരു അവതാരത്തിന്റെ രൂപഭാവങ്ങൾ നൽകി മോഹൻലാലിനെ ചിത്രീകരിക്കുന്നത് സിനിമയെ സാമ്പത്തികമായി വിജയിപ്പിച്ചു.ജനങ്ങളുടെ മനസ്സിൽ മോഹൻലാലിന്റെ അഭിനയത്തെ സംബന്ധിച്ച മുൻവിധികൾ പുതിയവയായി. ആരോപിതമെന്ന ഈ നായക സങ്കൽപ്പത്തെ നിലനിർത്തുവാൻ കൊമ്മേഴ്സ്യൽ സിനിമകൾക്ക് പരിശ്രമിക്കുന്നു.

'തന്മാത്ര' സിനിമയിൽ ലാലിന്റെ ആരോപിതമെന്ന അഭിനയധർമ്മത്തിന്റെ വേലിയേറ്റങ്ങൾ മിതമായവ മാത്രം നൽകിയിരിക്കുന്നു. തന്മാത്ര സിനിമയിൽ ഓർമ്മശക്തിയെ വളർത്തുന്നതിനു വേണ്ടി മോഹൻലാൽ പി.ടി.എ. മീറ്റിങ്ങിൽ കാണിക്കുന്ന ഡെമോൺസ്ട്രേഷൻ സിനിമക്കു ചേർന്നതും മോഹൻലാലിൽ ആരോപിതമായി നിലനിൽക്കുന്നതുമായ അഭിനയധർമ്മമാണ്. ഒരു വിഗ്രഹം പോലെ മനുഷ്യരെ ചിലത് പഠിപ്പിക്കുന്നു എന്ന മോഹൻലാലിന്റെ ആരോപിതമെന്ന അഭിനയധർമ്മം ഈ ഭാഗത്തു നൽകിയിരിക്കുന്നു. അതായത് ഏതൊരു സിനിമയിലും നടീനടന്മാരുടെ കൂടെ ഈ അഞ്ചാമത്തെ അഭിനയം കൂടിയുണ്ടെന്നർത്ഥം. അത് കൊമ്മേഴ്സ്യൽ ചിത്രങ്ങളിൽ വളരെ കൃത്രിമമായ ടിപ്പിക്കൽ തന്ത്രമായി ഉപയോഗിക്കുമ്പോൾ സ്വഭാവസിനിമകളിൽ വളരെ ലളിതമായി അത് ചേർന്ന് കിടക്കുന്നു.

ആരോപിതമെന്ന അഭിനയധർമ്മം നടീനടന്മാരുടെ ആത്മാർത്ഥമായ അർപ്പണംകൊണ്ട് പുതിയവയായി മാറ്റപ്പെടാം. കോമാളി കാഥാപാത്രമായി തുടങ്ങിയ കലാഭവൻ മണി വില്ലൻവേഷത്തിൽ മികവ് തെളിയിച്ചത് കാണികളുടെ മനസ്സിൽ സിനിമ കാണുന്ന പ്രക്രിയയെ കൂട്ടിവായിച്ചു കാണുവാൻ പ്രേരിപ്പിക്കുന്നു. വില്ലനായി അഭിനയം ആരംഭിച്ച മോഹൻലാൽ നായകനായി മാറിയത് അവിശ്വസനീയമാണ്. തുടർന്ന് വില്ലൻസ്വാഭാവം ഉൾക്കൊള്ളുന്ന നായകരൂപത്തിലേക്ക് മലയാള സിനിമയുടെ മേഖലകൾ മോഹൻലാൽ മാറ്റുകയും ചെയ്തു.

## മോഹൻലാലിനേയും മമ്മൂട്ടിയേയും സംബന്ധിച്ചുള്ള ഏതാനും ആരോപിത അഭിനയങ്ങൾ

### മോഹൻലാൽ

1)ഡാൻസ് രംഗങ്ങളിൽ ശരീരഭാഷ താളാത്മകം
2)രക്ഷിതാവ് മനസ്ഥിതി
3)അവതാര പരിവേഷം
4)സ്വഭാവ കഥാപാത്രങ്ങളുടെ വിഭിന്നതയില്ല
5)ഹാസ്യരംഗങ്ങളിൽ വൈവിധ്യം

### മമ്മൂട്ടി

1)താളപ്പൊരുത്തമില്ല
2)വല്ല്യേട്ടൻ മനസ്ഥിതി
3)അവതാര പരിവേഷമില്ല
4)വ്യത്യസ്തങ്ങളായ കഥാപാത്രശേഷി (ഭാസ്ക്കര പട്ടേൽ, അംബേദ്കർ, മാട)
5)ഹാസ്യരംഗങ്ങൾ അപൂർവ്വം (ഡാനി, പ്രാഞ്ചിയണ്ണൻ)

ഇവിടെ ഇനിയും ധാരാളം സവിശേഷതകൾ ചേർക്കാവുന്നതാണ്.
മറ്റു നടീനടൻമാതെക്കുറിച്ച് ചിന്തിക്കാവുന്നതാണ്

എന്റെ മലയാളം ബ്ലോഗ്

# അനുബന്ധം

## സിനിമ സ്വപ്നങ്ങൾ വിൽക്കുന്നു

സിനിമ ഒരു വ്യാവസായിക ഉൽപ്പന്നമാണെന്ന പ്രസ്താവനയെ വേറൊരു രീതിയിൽ പരിശോധിക്കാം. സ്വപ്നങ്ങളുമായി സിനിമക്ക് വളരെയധികം ബന്ധമുള്ളതായി കാണാം. സിനിമാ വ്യവസായികൾ പലപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്. "ഞങ്ങൾ സ്വപ്നങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്".

സ്വപ്നത്തിൽ രണ്ടു കാര്യങ്ങൾ ഉണ്ടാകുന്നു. ഒന്നാമതായി നമ്മുടെ ആഗ്രഹങ്ങൾ സഫലമാകുന്നു. രണ്ടാമതായി അത് നമ്മുടെ അഗാധതലങ്ങളെ സ്പർശിച്ച് ഭാവിയിലേക്കുള്ള വൈകാരികോർജ്ജം സംഭരിക്കുന്നു.

സിനിമ വ്യാവസായിക ഉൽപ്പന്നമായി കാണുന്നവർ സ്വപ്നത്തിന്റെ ആദ്യഭാഗമാണ് പൂർത്തീകരിക്കുന്നത്. കാണികളെ അവരാഗ്രഹിക്കുന്ന സ്വപ്നങ്ങളിലേക്ക് സിനിമാ സ്വപ്നങ്ങളിലൂടെ എത്തിക്കുന്നു. സിനിമ കാണുന്ന സമയങ്ങളിൽ കാണികൾ ഒരിക്കലും ആയിത്തീരാത്ത നായകനോ നായികയോ ആയി മാറുന്നു.

## സിനിമ ഒരു വിനോദം

വ്യാവസായിക ഉൽപ്പന്നമായി സിനിമയെ കാണുന്നവർ അതിനെ ഉപരിപ്ലവമായ ഒരു വിനോദ ഉപാധിയായി കാണുന്നു. ഉൽപ്പന്നമായി കാണുന്നവരുടെ വിനോദം എന്ന സങ്കൽപ്പത്തിന് ഒരു പ്രത്യേക ആശയമുണ്ട്. ലോകത്തിന്റെ പ്രശ്നങ്ങളെ മറന്നുകളയുക. ലോകത്തെ മറക്കുക. വിനോദം എന്ന വാക്കിന് ഈയൊരു അർത്ഥമാണ് ഭൂരിപക്ഷം കാണികൾ നൽകുന്നത്. യഥാർത്ഥത്തിൽ വിനോദം അഥവാ കളി എന്നു പറയുന്നത് യഥാർത്ഥ കാര്യങ്ങളെ ഒരു പ്രത്യേകരീതിയിൽ ചിട്ടയായി ക്രമപ്പെടുത്തി എടുക്കുന്ന പ്രവർത്തനമാണ്; സംവിധാനമാണ്. കുട്ടികൾ അമ്മയും കുഞ്ഞുമായി കളിക്കുമ്പോൾ അവിടെ യാഥാർത്ഥ്യത്തെ പ്രത്യേകരീതിയിൽ സംവിധാനം ചെയ്ത് വിനോദിക്കുകയാണ്. സിനിമയും വിനോദോപാധി എന്ന നിലയിൽ ചെയ്യേണ്ടത് ഇതാണ്. യഥാർത്ഥ കലകൾ മനുഷ്യരെ യാഥാർത്ഥ്യങ്ങളിലേക്കാണ് കൊണ്ടുവരുന്നത്.